കയർ വില്പന സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കൽ

*നമ്പർ (എ എ) ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) കയർവില്പന സെയിൽസ് ടാക്സിൽ നിന്ന് ഒഴിവാക്കണമെന്ന് കാണിച്ച് സർക്കാരിനു നിവേദനം കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ സർക്കാർ എന്തു നടപടി എടുത്തു ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) ആലോചനയിലിരിക്കുന്നു.

ശ്രീ. എം. ഐ. പോൾ : അത് എന്നത്തേക്ക് തീരുമാനിക്കുമെന്ന് പറയാമോ?

ശ്രീ. എ. ജെ. ജോൺ : ഉടനെതന്നെ തീരുമാനിക്കും.

സെയിൽസ് ടാക്സിൽനിന്നും വരവ്

*നമ്പർ ൦ (എ എ) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സെയിൽസ് ടാക്സിൽനിന്നും തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു എ ഡി ൪–ൽ എന്തു വരവുണ്ടായി?

(ബി) തിരുവിതാംകൂർ വിഭാഗത്തിൽ നിന്ന് വരവെന്തു?

(സി) കൊച്ചിയിൽ നിന്നു വരവെന്തു?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) എ ഡി ൫–ൽ ഏഴരമാസത്തേക്ക് എ ഡി ൫ ലക്ഷം രൂപാ.

(ബി, സി) ഓരോ വിഭാഗത്തേക്കുമുള്ള കണക്കു പ്രത്യേകം എടുത്തിട്ടില്ല.

ശ്രീ. ഇ. പി. പൗലോസ് : പ്രൊഹിബിഷൻ മൂലം ഒരു ഏരിയായിലുണ്ടാകുന്ന നഷ്ടം, അവിടത്തെ സെയിൽസ് ടാക്സ് കൊണ്ടു പരിഹരിക്കപ്പെടുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ : മിക്കവാറും പരിഹരിക്കപ്പെടുന്നുണ്ട്.

സെയിൽസ് ടാക്സിനെപ്പറ്റി പൊതുജനാഭിപ്രായം

*നമ്പർ ൧ (എ) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സെയിൽസ്ടാക്സിനെപ്പറ്റി പൊതുജനാഭിപ്രായം എന്താണെന്നറിയാമോ?

(ബി) പൊതുജനാഭിപ്രായം ഞെരിച്ചു പ്രവർത്തിക്കുവാൻ സർക്കാർ തയാറാവുമോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) സെയിൽസ് ടാക്സിനെപ്പറ്റി പൊതുജനങ്ങളുടെ ഇടയിൽ പല അഭിപ്രായങ്ങളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly